ചാത്രമില്ല. പിന്നെ ഒന്നുള്ളത് ഈ കണക്കുകൾ അനന്തരവന്മാരെ കാണിക്കണമെന്നുള്ളതാണ്. അങ്ങിനെ കാണിക്കേണ്ടതു കൊല്ലത്തിൽ ഒരിക്കൽ മാത്രമാണ്. അതും ന്യായമായ ഒരു വ്യവസ്ഥയാണെന്നു അവർ അഭിപ്രായപ്പെട്ടു.

ഇങ്ങനെ ബില്ലിലെ നിബന്ധനകൾ ഓരോന്നായി എടുത്തു വിമർശിച്ചതിനുശേഷമാണ് അവർ ബില്ലിനെ സാമാന്യമായി അനുകൂലിച്ചിട്ടുള്ളത്. അവരുടെ പ്രതിനിധി എന്ന നിലയിലും, പൊതുവിൽ നമ്പൂതിരി സമുദായത്തിന്റെ ഒരു ഗുണകാംക്ഷി എന്ന നിലയിലും ഞാനും ഈ ബില്ലിനെ അനുകൂലിക്കുകയും അതിന്റെ ഉൽഗതി ഹാർദ്ദമായി കാംക്ഷിക്കയും ചെയ്യുന്നു. സിലക്ട് കമ്മിറ്റിയുടെ ഭേദഗതികളോടുകൂടി ബില്ലു തിരിച്ചു വരുമ്പോൾ അതിലെ ഓരോ വ്യവസ്ഥയെപ്പറ്റിയും പ്രത്യേകം വാദപ്രതിവാദം നടത്തി തീരുമാനിക്കുന്നതിനുള്ള അവകാശവും സൌകര്യവും ഈ സഭയ്ക്കു ഉണ്ടായിരിയ്ക്കുന്നതാണല്ലോ. അതിനാൽ ഈ ബില്ലു സിലക്ട് കമ്മിറ്റിയെ ഏല്പിക്കേണ്ടതാണെന്നുള്ള ഉപക്ഷേപത്തെ ഞാൻ ബലമായി പിൻതാങ്ങുന്നു.

President.—Before the House is adjourned I would fix the time of the Select Committee appointed to consider the Irrigation Bill to 4 months. I forgot to mention the time before.

The House rose for lunch at 2 P. M. and met again at 3 P. M. with the Deputy President in the Chair.

Election of Members to the Standing Finance Committee for 1108 M. E.

Deputy President.—The first business is the election of the Members for the Standing Finance Committee. The Hon'ble Members are requested to propose three names from the non-official Members, to the Standing Finance Committee.

Mr. George Chakyamuri.—Sir, I propose the names of Messrs. M. Krishna Menon, Joseph Pettah and Dr. A. R. Menon.

Mr. M. K. Raman.—I second it.

Mr. K. Mohamed Seethi.—I beg to propose the names of Messrs. Joseph Pettah, Ikkanda Warriar and Dr. A.R. Menon.

Mr. T. K. Nayar.—I second it.

Deputy President.—Two are common in both the nominations. So the election of one among Messrs. M. Krishna Menon and E. Ikkanda Warriar alone is necessary.

Mr. M. Krishna Menon.—I beg to withdraw my name.

Deputy President.—Since Mr. Krishna Menon has withdrawn, there is no necessity for an election. Messrs. Joseph Pettah, E. Ikkanda Warriar and Dr. A. R. Menon are elected

LIBRARY ARCHIVES Kerala Legislative Assembly

as Members for the Standing Finance Committee and at the same time I am to draw your attention that there is a printer's error in the agenda. It is noted there "election of Members of the Standing Finance Committee for 1108." The date ought to be from this date up to the election of a committee in the next year. It is not the calendar year 1108. The official Members are the same, *viz.*, the Secretary to the Diwan, the Comptroller of Accounts and the Council Secretary.

Cochin Nambudiri Bill (*cont.*)

Deputy President.—Now we shall proceed with the discussion on the Nambudiri Bill.

മിസ്റ്റർ ടി. കെ. നായർ.—ഇതിനെ സംബന്ധിച്ചു, എന്റെ നിയോജകമണ്ഡലത്തിൽ അധികം നമ്പൂതിരിമാർ ഇല്ലാത്തതുകൊണ്ടും, അവരോടു ഇടപഴക്കമില്ലാത്തതുകൊണ്ടും അവരുടെ അവശതകളെ സംബന്ധിച്ചോ മറ്റോ അറിയുവാൻ എനിയ്ക്കു കഴിഞ്ഞിട്ടില്ല. ഈ ബിൽ ഇവിടെ അവതരിപ്പിച്ച ബഹുമാനപ്പെട്ട മെമ്പറും ഇതിലേയ്ക്കു വേണ്ടി പ്രത്യേകിച്ചു നിയമിച്ച മെമ്പറും ഇതിനെ സംബന്ധിച്ചു പ്രസംഗിച്ചതു കേട്ടപ്പോൾ അവരുടെ സങ്കടസ്ഥിതിയെപ്പറ്റി നല്ലപോലെ മനസ്സിലായി. ഇതിനെ എതിർത്ത മെമ്പർമാർ വല്ലതും ഈ വിഷയത്തെ സംബന്ധിച്ചു പറയുമെന്നു വിചാരിച്ചു അവരുടെ പ്രസംഗങ്ങളും ഞാൻ ശ്രദ്ധയോടുകൂടി കേട്ടു. അതിൽനിന്നെല്ലാം എനിയ്ക്കു മനസ്സിലാക്കുവാൻ കഴിഞ്ഞത്, അവർ ഇതിനെ എതിർക്കയല്ല, അനുകൂലിയ്ക്കുകയാണു; അതല്ലെങ്കിൽ അത് രണ്ടും കൂടിയാണു ചെയ്തിട്ടുള്ളതെന്നാണു്. ആദ്യം തീരെ എതിർത്തിട്ടില്ല, തീർച്ചയാണ്.' ഇതിൽ ചില ഭാഗങ്ങൾ ദോഷമാണു്; ചിലത് ദോഷമില്ല. ഇതൊക്കെയാണെങ്കിലും ഞാൻ എതിർക്കുന്നു. ഈ ബില്ലു വേണ്ടതാണു്. എന്നാൽ അതു വേറൊരു തരത്തിലായിരുന്നു വേണ്ടത്. അതുകൊണ്ടു ഞാൻ ഇതിനെ എതിർക്കുന്നു. എന്നൊക്കെയാണ് പറഞ്ഞത്. ഇതിന്റെ സാരം എനിയ്ക്കു മനസ്സിലാകുന്നില്ല. ഈ വിഷയത്തെ സംബന്ധിച്ചു ബഹുമാനപ്പെട്ട തുഞ്ചിവപേരൂർ മെമ്പർ നിയമങ്ങളെ സംബന്ധിച്ചുള്ള വളരെ കാര്യങ്ങളും അതിൽ നിന്നും വകുപ്പുവകുപ്പായി എടുത്തും ഇവിടെ സംസാരിയ്ക്കുകയുണ്ടായി. ഈ ബില്ലിലെ ചില വകുപ്പുകളിൽ പല ദോഷങ്ങളും അദ്ദേഹം പറഞ്ഞതിൽ നിന്നും എനിയ്ക്കു മനസ്സിലായി. അതിനെ മാറുവാനായിട്ടാണ് സിലക്ട് കമ്മിറ്റിയെ നിയമിയ്ക്കുന്നത്. ഇവിടെ പറഞ്ഞതു പോലെ ചില ദോഷങ്ങളും ഈ ബില്ലിൽ ഉണ്ടാകാം. ഒരു ശരിയായ ബിൽ വന്നാൽ പിന്നെ അതു സിലക്ട് കമ്മിറ്റിയ്ക്കയയ്ക്കേണ്ട ആവശ്യം തന്നെയില്ല. ചില തെറ്റുകളൊക്കെ വരും. എന്തൊക്കെയാ

LIBRARY ARCHIVES Kerala Legislative Assembly